**KCBC COMMISSION FOR FAMILY**
Pastoral Orientation Centre(P.O.C.), Palarivattom, Kochi - 682025, Ph:9495812190
Email:kcbcfamilycommission@gmail.com, Website:www.kcbcfamilycommission.org

**All Kerala Press Release** **13 /04/2018**
*Ref: 290/KCBC/FLY/ 07*

## പാർശ്വവത്കരിക്കപ്പെടുന്നവരെ സമൂഹംതിരിച്ചറിണം
### ബിഷപ് ഡോ. ജോസഫ് കാരിക്കശേരി

**കൊച്ചി:** സഭയും സമൂഹവും പാർശ്വവത്കരിക്കപ്പെടുന്നവരോടൊപ്പമായിരിക്കണമെന്ന് കോട്ടപ്പുറം രൂപതാധ്യക്ഷൻ ബിഷപ് ഡോ. ജോസഫ് കാരിക്കശേരി പറഞ്ഞു. അവരെ തിരിച്ചറിയുകയും സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാൻ വേണ്ടുന്നതായ കർമ്മപദ്ധതികൾ രൂപപ്പെടുകയും ചെയ്യേണ്ടത് ഇന്നിന്റെ വലിയ ആവശ്യമാണ്. കേരള കത്തോലിക്കാസഭയുടെ നവസംരംഭമായ ബധിരരും മൂകരുമായ യുവതീയുവാക്കൾക്കു വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കത്തോലിക്കരും അകത്തോലിക്കരുമായ യുവതീയുവാക്കൾക്ക് പങ്കെടുക്കാവുന്ന രീതിയിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിരിക്കുന്നതെന്ന് കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഫാ. പോൾ മാടശേരി പറഞ്ഞു. സൈൻ ലാംഗേജിൽ വിദഗ്ധരായവരുടെ നേതൃത്വത്തിലാണ് ക്ലാസ്സുകൾ നടക്കുന്നത്. സിസ്റ്റർ അഭയ എഫ്.സിസി ആണ് വിവാഹ ഒരുക്ക കോഴ്സിന്റെ കോർഡിനേറ്റർ.

മൂന്നു ദിവസം നീണ്ടുനില്ക്കുന്ന കോഴ്സിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമായി കത്തോലിക്കരും അകത്തോലിക്കരുമായ അമ്പതോളം പേർ പങ്കെടുക്കുന്നു. കൂടാതെ ബധിരരും മൂകരുമായിട്ടുള്ള യുവതീയുവാക്കളെ വിവാഹിതരാകാൻ സഹായിക്കുന്ന 'കെസിബിസി മാട്രിമണി ഫോർ ദ ഡഫി'ന്റെ ഉദ്ഘാടനവും നടന്നു. ബധിരർക്കും മൂകർക്കുവേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ മാട്രിമണിയാണ് ഇത്.

**ഫോട്ടോ മാറ്റർ:** കേരള കത്തോലിക്കാസഭയുടെ നവസംരംഭമായ ബധിരരും മൂകരുമായ യുവതീയുവാക്കൾക്കു വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് പാലാരിവട്ടം പിഒസിയിൽ ഡോ. ജോസഫ് കാരിക്കശേരി ഉദ്ഘാടനം ചെയ്യുന്നു. കുഞ്ഞുമോൾ, എൽസാ ജോസഫ്, സിസ്റ്റർ അഭയ എഫ്. സി.സി, ഫാ. പോൾ മാടശേരി, ഫാ. പ്രിയേഷ് തുടങ്ങിയവർ സമീപം.

**ഫാ. പോൾ മാടശേരി**
**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ**